തെന്ന് മുനീർ. മാന്തോത്ത് കുനിയിൽ (നമ്പർ -27435600977) എന്നയാൾ അറിയിച്ചു. കണ്ടുകിട്ടുന്നവർ 4718413, 5269121 എന്നീ നമ്പരുകളിൽ വിളിക്കണമെന്ന് മുനീർ അഭ്യർത്ഥിക്കുന്നു.

കരാറൊപ്പിട്ടു

ദോഹ: അഡ്മിനിസ്ട്രേറ്റീവ് ഡവലപ്പ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടും മഷ്ദിഖ് ബാങ്കും തമ്മിൽ തൊഴിൽ പരിശീലനത്തിനുള്ള കരാറിൽ ഒപ്പുവെച്ചു. ഖത്തറി കേഡറുകൾക്ക് ബാങ്കിംഗ് മേഖലയിൽ പരിശീലനം ലക്ഷ്യമാക്കാനാണ് ഈ കരാർ. തൊഴിൽ സാമൂഹികക്ഷേമ വകുപ്പു മന്ത്രിയും അഡ്മിനിസ്ട്രേറ്റീവ് ഡവലപ്പ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ബോർഡ് ചെയർമാനുമായ ഡോ. സുൽത്താൻ ഹസൻ അദ്ദാബിത്ത് ആൽദുസരിയും മഷ്ദിഖ് ബാങ്ക് ജനറൽ മാനേജർ മർവാൻ സബീഹുമാണ് കരാറിൽ ഒപ്പുവെച്ചത്.

മരിടൈം പ്രദർശനം മെയ് അഞ്ചു മുതൽ

ദോഹ: ഗൾഫ് മേഖലയിലെ ഏറ്റവും വിപുലമായ മരിടൈം പ്രദർശനം മെയ് അഞ്ചു മുതൽ ഏഴു വരെ ദോഹയിൽ നടക്കുമെന്ന് സംഘാടകർ. 'ഷിപ്പ് ആന്റ് പോർട്ട് യുറോപോർട്ട് മരിടൈം 2008' എന്ന പേരിലാണ് വിപുലമായ എക്സിബിഷൻ. അൽഫജ്ർ പാർട്നേഴ്സും അഹോയ് റോട്ടർഡാമും ചേർന്നാണ് ഇതിന് വേദിയൊരുക്കുന്നത്. അന്തർദേശീയ കപ്പൽ നിർമ്മാണ രംഗത്തേയും തുറമുഖ നാവിക വിഭാഗത്തിലേയും പ്രമുഖരുടെ സാന്നിധ്യം പരിപാടിയിലുണ്ടാവും. വിവിധ അന്തർദേശീയ കമ്പനികളുടെ സ്റ്റാളുകൾ മുഖ്യ ആകർഷണമായിരിക്കുമെന്ന് വാർത്താസമ്മേളനത്തിൽ അൽഫജ്ർ ഇൻഫർമേഷൻ ജനറൽമാനേജർ സതീഷ് ഖന്ന അറിയിച്ചു.

എണ്ണ പ്രകൃതിവാതക രംഗത്തുൾപ്പെടെ വിവിധ വിഭാഗങ്ങൾ പങ്കെടുക്കുന്ന പ്രദർശനത്തിന് ഖത്തർ നാവിഗേഷനും റേഡിയോ ഹോളണ്ടും സഹപ്രായോജകരമായി രംഗത്തുണ്ട്.

പോയവർഷം ഖത്തറിൽ സംഘടിപ്പിച്ച പ്രദർശനത്തിന് നല്ല പ്രതികരണമായിരുന്നുവെന്നും ഈ രംഗത്തെ പുതിയ സാധ്യതകൾ ആരായാൻ ഖത്തറിനെ അത് സഹായിച്ചുവെന്നും ഒരു ചോദ്യത്തിന് മറുപടിയായി ഖന്ന അറിയിച്ചു. നാവിക തുറമുഖ രംഗത്തെ പുതിയ സാങ്കേതിക മുന്നേറ്റമറിയാനുള്ള അപൂർവ്വ അവസരം ഉപയോഗപ്പെടുത്തണമെന്ന് സംഘാടകർ ബന്ധപ്പെട്ടവരോട് ആവശ്യപ്പെട്ടു.

ഡോ. മുഹമ്മദ് സാലം ചെയർമാന്

ദോഹ: ഖത്തറി ഡോക്ടർമാരുടെ അസോസിയേഷൻ ചെയർമാനായി ഡോ.മുഹമ്മദ് സാലം തെരഞ്ഞെടുക്കപ്പെട്ടു.

ഡോ. മുഹമ്മദ് ആൽദുസരിയാണ് വൈസ് ചെയർമാൻ. ഡോ. മുഹമ്മദ് ഖൈസ് ആൽകുവാരി സെക്രട്ടറി ജനറലായും തെരഞ്ഞെടുക്കപ്പെട്ടു. രഹസ്യ വോട്ടെടുപ്പിലൂടെ നടന്ന തെരഞ്ഞെടുപ്പിന് ദേശീയ തെരഞ്ഞെടുപ്പ് സ്റ്റാന്റിംഗ് കമ്മറ്റിയാണ് മേൽനോട്ടം വഹിച്ചത്. ആറംഗ എക്സിക്യൂട്ടീവ് കമ്മറ്റിയിലേക്ക് മൂന്നു വനിതകളടക്കം 25 ഡോക്ടർമാരാണ് മത്സരിച്ചത്. ഡോ. ഹംദ ഖുത്ബയാണ് തെരഞ്ഞെടുക്കപ്പെട്ട ഏക വനിതാ പ്രതിനിധി. ഡോക്ടർമാരുടെ അസോസിയേഷനിൽ അഞ്ഞൂറോളം ഡോക്ടർമാർക്ക് അംഗത്വമുണ്ട്.

'ഷിപ്പ് ആന്റ് പോർട്ട് യുറോപോർട്ട് മരിടൈം 2008' പ്രദർശനത്തെക്കുറിച്ച് നടന്ന വാർത്താസമ്മേളനത്തിൽ നിന്ന് ചിത്രം: സയ്യിദ് ഉമർ